**C 21280** (Pages : 2) Name..................................

Reg. No...............................

# SIXTH SEMESTER B.A. DEGREE EXAMINATION, MARCH 2017

(CUCBCSS–UG)

Malayalam

## MAL 6B 14—നവസംസ്കാര പഠനങ്ങൾ

Time : Three Hours Maximum : 80 Marks

I. എല്ലാ ചോദ്യങ്ങൾക്കും ഒറ്റ വാക്കിൽ ഉത്തരമെഴുതുക (ഓരോന്നിനും ½ മാർക്ക് വീതം) :

1 'എസ്പാക് ' പൂർണ്ണരൂപമെന്ത് ?

2 'കീഴാള ജീവിത മുദ്രകൾ' എന്ന ഗ്രന്ഥം രചിച്ചതാര് ?

3 മലയാളത്തിൽ ഉത്തരാധുനികതയുടെ ആഗമനം മുൻകൂട്ടി പ്രവചിച്ച എഴുത്തുകാരൻ ആര് ?

4 കല്ലേൻ പൊക്കുടന് ഏറ്റവും ഇഷ്ടപ്പെട്ട രാഷ്ട്രീയ നേതാവ് ?

5 'ബുദ്ധനിലേക്കുള്ള ദൂരം' എഴുതിയതാര് ?

6 മനുഷ്യർക്ക് അസുഖം വന്നാലും, മരിച്ചാലും നടത്തിയിരുന്ന ആഘോഷം ?

7 യഥാർത്ഥ ജനകീയ നാടകവേദി അറിയപ്പെടുന്നത് ഏത് പേരിൽ ?

8 "ജാതീയമായ അടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ട ഒരു ഭൂപ്രദേശത്തെ ദേശമെന്നു വിളിക്കാനാവില്ല" —എന്നു പറഞ്ഞതാര് ?

9 'പെണ്ണെഴുത്ത് ' എന്ന പദം ആദ്യമായി മലയാളത്തിൽ ഉപയോഗിച്ചതാര് ?

10 മലയാളത്തിലെ ആദ്യത്തെ പരിസ്ഥിതി സൗന്ദര്യശാസ്ത്ര രചന എന്നു പറയാവുന്ന കൃതി ഏത് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. (ഓരോന്നിനും 2 മാർക്കു വീതം :

11 ഫോർഡിസം (Fordism) എന്നാലെന്ത് ?

12 സന്യാസത്തെപ്പറ്റി ഗുഹയുടെ അഭിപ്രായമെന്തായിരുന്നു ?

13 ഇന്ത്യൻ സൗന്ദര്യശാസ്ത്ര സിദ്ധാന്തങ്ങൾ ഏതെല്ലാം ?

14 ഇക്കോഫെമിനിസം എന്നാലെന്ത് ?

15 കണ്ടൽച്ചെടികൾ എന്നറിയപ്പെടുന്നതെന്തിനെയാണ് ?

(5 × 2 = 10 marks)

Turn over

III. നൂറ്റമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

16 'എൻമകജെ' എന്ന ഗ്രാമത്തിൻെറ സവിശേഷതകൾ എന്തെല്ലാം ?

17 "ഇരുപതാം നൂറ്റാണ്ട് തികച്ചും വ്യത്യസ്തമായ കാലഘട്ടമായിരുന്നു" എന്ന അഭിപ്രായത്തിൻെറ സാധുതയെന്ത് ?

18 ആദ്യമായി സിനിമ കണ്ട അനുഭവത്തെപ്പറ്റി സി.കെ. ജാനുവിൻെറ അഭിപ്രായങ്ങൾ എന്തെല്ലാം ?

19 ശങ്കുവിൻെറ ജീവിതാവസ്ഥയെ അടയാളപ്പെടുത്തുന്ന വിശേഷണങ്ങൾ എന്തെല്ലാം ?

20 കുറുമ്പ ഭഗവതിയോട് ലക്ഷ്മിക്കുട്ടി ഒരാൺകുഞ്ഞിനുവേണ്ടി പ്രാർത്ഥിക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാം ?

21 ഫെമിനിസം എന്നാലെന്ത് ? ഫെമിനിസത്തിൻെറ വ്യത്യസ്ത ചിന്താധാരകളായ ഉദാരസ്ത്രീവാദം, ഇസ്ലാമിക സ്ത്രീവാദം എന്നിവയെപ്പറ്റി വിവരിക്കുക.

22 ജനപ്രിയ സംസ്കാരത്തിൻെറ സ്വഭാവങ്ങൾ എന്തെല്ലാം ?

(5 × 5 = 25 marks)

IV. മൂന്നു പുറത്തിൽ (മുന്നൂറു വാക്ക് ) കവിയാതെ ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക :

23 ഇനിയും ഉണ്ടാകാത്ത നമ്മുടെ പാരിസ്ഥിതിക ജാഗ്രതയ്ക്കു വേണ്ടിയുള്ള ഒരു നിലവിളിയാണ് 'എൻമകജെ' ശരിയോ ? പരിശോധിക്കുക.

24 ദലിത് സാഹിത്യം എന്ത് ? എന്തിന് ? എന്ന ചോദ്യത്തിന് ലേഖകൻ നല്കുന്ന ഉത്തരം ക്രോഡീകരിക്കുക.

25 മണ്ണിൽ ജീവിക്കാനുള്ള അവകാശത്തിനുവേണ്ടി യഥാർത്ഥത്തിൽ ഭൂമിയുടെ ഉടമകൾ ആയിട്ടുള്ള ആളുകൾ 'ഉടമസ്ഥതയ്ക്കുവേണ്ടി നടത്തിയതാണ് ആദിവാസി സമരങ്ങളൊക്കെയും'—സി.കെ. ജാനുവിൻെറ ഈ അഭിപ്രായത്തിൻെറ സാധുത പരിശോധിക്കുക.

26 പരിസ്ഥിതി ശാസ്ത്രത്തിൻെറ ശക്തമായ പ്രേരണയിൽ ഒരു സൗന്ദര്യശാസ്ത്രം ഉണ്ടാകുന്ന തെങ്ങനെയെന്ന് വിശദമാക്കുക.

27 കീഴാളാവസ്ഥയും കീഴാള ശരീരവും നിർവ്വചനത്തിനു വഴങ്ങാതെ പോകുന്നുവെന്ന തോന്നൽ 'ജീവചരിത്രം' എന്ന കവിതയെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക.

28 ആധുനികാനന്തര മുതലാളിത്തത്തിനെതിരെയും പാരിസ്ഥിതിക ചൂഷണത്തിനെതിരെയും ഉണ്ടായ പ്രസ്ഥാനങ്ങൾ ഏവ ? അവ നടത്തിയിട്ടുള്ള പ്രക്ഷോഭങ്ങളെപ്പറ്റി സംഗ്രഹിക്കുക.

(4 × 10 = 40 marks)